**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 25** **23-08-2022 - ൽ മറുപടിയ്ക്ക്**

**സാമ്പത്തിക കുറ്റാന്വേഷണത്തിനായി പ്രത്യേക വിഭാഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. നന്ദകുമാർ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീ. പി.പി. സുമോദ്** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സാമ്പത്തിക കുറ്റാന്വേഷണത്തിന്റെ ഭാഗമായി പ്രത്യേക വിഭാഗം ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ പ്രത്യേക വിഭാഗം ആരംഭിക്കുന്നതിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നതെന്ന് വെളിപ്പെടുത്താമോ; | (എ) | സാമ്പത്തിക കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിനായി പോലീസ് വകുപ്പിൽ 233 പുതിയ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് 17.03.2022-ലെ സ.ഉ (കൈ) നം.51/2022/ആഭ്യന്തരം പ്രകാരം സാമ്പത്തിക കുറ്റകൃത്യവിഭാഗം ആരംഭിച്ചിട്ടുണ്ട്. വിവിധ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലൂടെ സുഗമമാക്കിയ ഇ-കോമേഴ്സിന്റെയും കമ്പോള സമ്പദ് വ്യവസ്ഥയുടെയും കാലഘട്ടത്തിൽ സങ്കീർണ്ണമായ സാമ്പത്തിക ഇടപാടുകൾ ഉൾപ്പെടുന്ന കേസുകൾ കൈകാര്യം ചെയ്യുന്നതിന് സാങ്കേതിക വൈദഗ്ധ്യം നേടിയ അന്വേഷണ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ ശാസ്ത്രീയവും കാര്യക്ഷമവുമായ അന്വേഷണം നടത്തി കുറ്റവാളികളെ നിയമത്തിന് മുമ്പിൽ കൊണ്ടുവരുന്നതിനും ഇത്തരം കുറ്റകൃത്യങ്ങളെക്കുറിച്ച് പൊതു ജനങ്ങളെ ബോധവത്കരിക്കുന്നതിനുമാണ് സാമ്പത്തിക കുറ്റകൃത്യവിഭാഗം രൂപീകരിച്ചതിലൂടെ ലക്ഷ്യമിടുന്നത്. |
| (ബി) | ഈ വിഭാഗങ്ങളുടെ പ്രവർത്തന രീതി വിശദമാക്കാമോ; ഏതൊക്കെ തരം കുറ്റകൃത്യങ്ങളാണ് ഇതിന്റെ അന്വേഷണ പരിധിയിൽ വരുന്നത്; | (ബി) | ഒരു പോലീസ് ഇൻസ്പെക്ടർ ജനറലിന്റെ നേതൃത്വത്തിൽ നാല് റേഞ്ചുകളും റേഞ്ചുകളുടെ ചുമതല നാല് പോലീസ് സൂപ്രണ്ടുമാർക്കും, 14 ജില്ലകൾ 10 യൂണിറ്റുകളുടെ കീഴിലാക്കി ഓരോ യൂണിറ്റിന്റേയും ചുമതല ഡി.വൈ.എസ്.പി.മാർക്കും നൽകി ജില്ലാ ഓഫീസായി രൂപീകരിച്ചിട്ടുണ്ട്. സാമ്പത്തിക കുറ്റകൃത്യങ്ങളാണ് ഇതിന്റെ പരിധിയിൽ വരുന്നത്. |
| (സി) | സംഘടിത കുറ്റകൃത്യങ്ങൾ തടയാൻ ഓർഗനൈസ്ഡ് ക്രൈം സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ടോ; ഇതിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദമാക്കാമോ? | (സി) | ഉണ്ട്. സംസ്ഥാനത്ത് ഗുണ്ടകൾ, മയക്കു മരുന്ന് സംഘങ്ങൾ തുടങ്ങിയവരുടെ സംഘടിത പ്രവർത്തനങ്ങൾ ഉന്മൂലനം ചെയ്യുന്നതിനായി സംസ്ഥാന പോലീസ് മേധാവിയുടെ 16.12.2021 തീയതിയിലെ സർക്കുലർ പ്രകാരം എല്ലാ പോലീസ് |

ജില്ലകളിലെയും പോലീസ് മേധാവിമാരുടെ മേൽനോട്ടത്തിൽ Special Action Group against Organised Crimes (SAGOC) രൂപീകരിച്ചിട്ടുണ്ട്. ജില്ലാ നാർക്കോട്ടിക് സെൽ DySP/ACP-യുടെ നേതൃത്വത്തിൽ 2 സബ് ഇൻസ്പെക്ടർമാരും കുറഞ്ഞത് 10 പോലീസ് ഉദ്യോഗസ്ഥരും പ്രസ്തുത SAGOC-യിൽ അംഗങ്ങൾ ആണ്. അതാത് ജില്ലകളിലെ സ്ഥിരം കുറ്റവാളികളെയും അവരുടെ പണമിടപാടുകളും മറ്റ് പ്രവർത്തനങ്ങളും നിരീക്ഷിക്കുകയും വേണ്ട സമയത്ത് കൃത്യമായ ഇടപെടലുകൾ നടത്തുകയുമാണ് പ്രസ്തുത SAGOC യുടെ ഉദ്ദേശ്യ ലക്ഷ്യം. പ്രസ്തുത സർക്കുലർ പ്രകാരം ഓരോ പോലീസ് സ്റ്റേഷനുകളിലും Anti-Organised Crimes Cell (AOCC) ആരംഭിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. സ്റ്റേഷൻ ഹൗസ് ഓഫീസറുടെ നേതൃത്വത്തിൽ 2 പോലീസ് ഉദ്യോഗസ്ഥർ ഉൾക്കൊള്ളുന്ന പ്രസ്തുത AOCC അതാത് സ്റ്റേഷൻ പരിധിയിലെ ഗുണ്ടകളെയും അവരുടെ പ്രവർത്തനങ്ങളെയും സസൂക്ഷ്മം നിരീക്ഷിക്കുകയും ആവശ്യമായ നിയമ നടപടികൾ കുറ്റവാളികൾക്കെതിരെ സ്വീകരിക്കുകയും ചെയ്യുന്നതാണ്. കൂടാതെ എല്ലാ സ്റ്റേഷൻ ഹൗസ് ഓഫീസർമാരും അവരവരുടെ സ്റ്റേഷൻ പരിധിയിൽ നടക്കുന്ന നിയമ വിരുദ്ധ പ്രവർത്തനങ്ങളെ ഇല്ലാതാക്കുന്നതിന് സദാ ജാഗരൂകരായിരിക്കുവാനും കൃത്യമായ പട്രോളിംഗ് നടത്തുവാനും ആവശ്യമായ മേൽ നടപടികൾ സ്വീകരിക്കുവാനും പ്രസ്തുത സർക്കുലറിൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

സംസ്ഥാനത്ത് ഗുണ്ടകളെയും സാമൂഹ്യ വിരുദ്ധരേയും അമർച്ച ചെയ്യുന്നതിനും അവർക്കെതിരെ കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നതിനുമായി ഓപ്പറേഷൻ കാവൽ എന്ന പേരിൽ ഒരു പദ്ധതി എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. ഇത്ര പ്രകാരം ഓരോ പോലീസ് സ്റ്റേഷൻ പരിധിയിലെയും ക്രിമിനൽ പശ്ചാത്തലമുള്ളവരുടെ ഡാറ്റാബേസ് ജില്ലാതലത്തിൽ തയ്യാറാക്കി സമയബന്ധിതമായി അവർക്കെതിരെ കാപ്പാ നിയമം ഉൾപ്പെടെയുള്ള കരുതൽ നടപടികളും മറ്റ് നിയമ നടപടികളും സ്വീകരിച്ചു വരുന്നു. ജില്ലാ പോലീസ് മേധാവിമാർ കുറ്റവാളികളുടെ ക്രിമിനൽ പശ്ചാത്തലം പരിശോധിച്ച് ആവശ്യമാണെന്ന് കാണുന്നവരുടെ പേരിൽ പോലീസ് സ്റ്റേഷൻ തലത്തിൽ ഹിസ്റ്ററി ഷീറ്റ് തയ്യാറാക്കുന്നത് ആരംഭിച്ചിട്ടുണ്ട്. കുറ്റവാളികളെ അമർച്ച ചെയ്യുന്നതിന് നടപ്പിലാക്കിയ ഓപ്പറേഷൻ

| | | | |
|---|---|---|---|
| | | | കാവൽ എന്ന പദ്ധതി വളരെ കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ